**വിജ്ഞാപനം**
**തീയതി – 27/11/2018**
**അപേക്ഷിക്കേണ്ട അവസാന തീയതി :10/12/2018**
**പരീക്ഷാ തീയതി :** 2018 ഡിസംബർ 22

**തസ്തിക : കുടുംബശ്രീ ....................... ജില്ലാ മിഷനിൽ വിവിധ ബ്ലോക്കുകളിലായി ബ്ലോക്ക് കോ–ഓർഡിനേറ്റർ (എം ഐ എസ്)**

................................. ജില്ലയിൽ ബ്ലോക്ക് കോ ഓർഡിനേറ്റർ (എം ഐ എസ്) തസ്തികയിലേക്ക് താഴെപറയും പ്രകാരം കുടുംബശ്രീ അംഗങ്ങളിൽ നിന്നോ അവരുടെ കുടുംബാംഗങ്ങളിൽ നിന്നോ മാത്രം അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:–

| **കോഡ് നം.** | **തസ്തികയുടെ പേര്** | **നിലവിലെ ഒഴിവുകൾ*** | **വിദ്യാഭ്യാസ യോഗ്യത** | **വയസ്/പ്രായ പരിധി** | **പ്രതിമാസ ശമ്പളം** |
|---|---|---|---|---|---|
| 001 | ബ്ലോക്ക് കോ–ഓർഡിനേറ്റർ **(എം ഐ എസ്)** | | ബിരുദം | ഉയർന്ന പ്രായ പരിധി 35 വയസ്സ് | 15,000/– രൂപ |

** ജില്ലാ തലത്തിൽ ഉള്ള ടി തസ്തികയുടെ എണ്ണം ഇവിടെ രേഖപ്പെടുത്തണം*

**നിയമന രീതി**

1. ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിലായിരിക്കും നിയമനം
2. തെരഞ്ഞെടുപ്പ് രീതി – എഴുത്തു പരീക്ഷ, ഫീൽഡ് വർക്ക്, കമ്പ്യൂട്ടർ വൈദഗ്ധ്യത്തിൽ പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിയ്ക്കും യോഗ്യരായ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുക. ആകെ സ്കോർ 200 ആയിരിയ്ക്കും. (എഴുത്തു പരീക്ഷ 125, ഫീൽഡ് വിസിറ്റ് 25, കമ്പ്യൂട്ടർ പ്രായോഗിക പരീക്ഷ 25, ഇന്റർവ്യൂ 25 എന്നിങ്ങനെയായിരിയ്ക്കും സ്കോർ നില.)
3. 15000/- രൂപ സമാഹൃത ശമ്പളമായി ലഭിക്കും.
4. അപേക്ഷിക്കുന്ന ബ്ലോക്കിലെ സ്ഥിരതാമസക്കാർ, തൊട്ടടുത്ത ബ്ലോക്കിൽ താമസിക്കുന്നവർ/ ആശ്രയ കുടുംബാംഗം എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

5. പ്രായ പരിധി : 18 – 35 നോട്ടിഫിക്കേഷൻ വരുന്ന തീയതിയായ 27/11/2018 ൽ മുപ്പത്തിയഞ്ച് വയസ്സോ അതിൽ താഴെയോ ആയിരിക്കണം. (ഇരു ദിവസവുമുൾപ്പെടെ) (1983 നവംബർ 27 നും 2000 നവംബർ 26 നും ഇടയിൽ ജനിച്ചവരാകണം)
6. പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന നൽകുന്നതാണ്.
7. എഴുത്തു പരീക്ഷയിൽ അർഹത നേടുന്നവർക്കു മാത്രമേ തുടർന്നുള്ള ഫീൽഡ് വിസിറ്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിയ്ക്കുകയുള്ളു.
8. ഫീൽഡ് വിസിറ്റ് പൂർത്തീകരിച്ചവർക്കു മാത്രമേ കമ്പ്യൂട്ടർ പ്രായോഗിക പരീക്ഷയിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിയ്ക്കുകയുള്ളു.
9. കമ്പ്യൂട്ടർ പ്രായോഗിക പരീക്ഷയ്ക്കു ശേഷം എഴുത്തു പരീക്ഷ, ഫീൽഡ് വിസിറ്റ്, കമ്പ്യൂട്ടർ പ്രായോഗിക പരീക്ഷ എന്നിവയുടെ ആകെ മാർക്കിന്റെ അടിസ്ഥാനത്തിൽ (125+25+25 =175) ജില്ലയിലെ ഒഴിവിന്റെ മൂന്നിരിട്ടി ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി ഇന്റർവ്യൂവിന് അർഹത നേടിയവരുടെ പട്ടിക പ്രസിദ്ധീകരിയ്ക്കും. ഇതിൽ ഉൾപ്പെടുന്നവർ മാത്രമായിരിയ്ക്കും ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അർഹർ.
10. ഉദ്യോഗാർത്ഥികൾ ഒന്നിലധികം ജില്ലകളിലേയ്ക്ക് അപേക്ഷ നൽകാൻ പാടില്ല. അയൽക്കൂട്ട അംഗത്വം ഉള്ള ജില്ലയിൽ മാത്രമേ ഉദ്യോഗാർത്ഥി അപേക്ഷ സമർപ്പിക്കാൻ പാടുള്ളു.

**യോഗ്യത**

- കുടുംബശ്രീ അയൽക്കൂട്ട അംഗമോ അല്ലെങ്കിൽ വനിതയായ കുടുംബാംഗമോ ആയിരിക്കണം.
- നോട്ടിഫിക്കേഷൻ തീയതിയ്ക്കു മുൻപ് കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗമായവർക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ മാത്രമേ അപേക്ഷിക്കാൻ കഴിയൂ.
- ഡിഗ്രി /തത്തുല്യം (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചത്)
- കമ്മ്യൂണിറ്റി ഓർഗനൈസേഷൻ രംഗത്തുള്ള പ്രവർത്തന പരിചയം അഭികാമ്യം.
- കമ്പ്യൂട്ടർ പ്രാവീണ്യം നിർബന്ധം (MS Word,Excel എന്നിവയിൽ പ്രാവീണ്യം ഉണ്ടായിരിക്കണം)

**എഴുത്തു പരീക്ഷയുടെ സിലബസ്**

| ക്രമ നം | മേഖല | സ്കോർ % |
|---|---|---|
| 1 | കുടുംബശ്രീ സംഘടനയും വിവിധ പരിപാടികളും | 30 |
| 2 | പഞ്ചായത്ത് രാജും ഗ്രാമ വികസനവും | 15 |
| 3 | കമ്പ്യൂട്ടർ പരിജ്ഞാനം | 15 |
| 4 | പൊതു വിജ്ഞാനം | 15 |
| 5 | ഇംഗ്ലീഷ് ഭാഷാ പരിചയം | 10 |
| 6 | ഗണിതം | 5 |
| 7 | യുക്തി , അഭിരുചി സംബന്ധിച്ച് | 10 |

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

1. അപേക്ഷകൾ കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ നിന്ന് നേരിട്ടോ www.kudumbashree.org എന്ന വെബ് സൈറ്റിൽ നിന്നോ ലഭിക്കുന്നതാണ്.
2. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2018 ഡിസംബർ 10 വൈകുന്നേരം 5.00 മണിവരെ. ഭാഗികമായി പൂരിപ്പിച്ച/ അവ്യക്തമായ അപേക്ഷകൾ എന്നിവ നിരുപാധികം നിരസിക്കുന്നതാണ്.
3. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ.

   - എസ് എസ് എൽ സി സർട്ടിഫിക്കറ്റിലെ പ്രായം തെളിയിയ്ക്കുന്ന പേജിന്റെ കോപ്പി/ എസ് എസ് എൽ സി സർട്ടിഫിക്കറ്റ് (പഴയ രീതിയിലുള്ള എസ് എസ് എൽ സി സർട്ടിഫിക്കറ്റ് ഉള്ളവരാണ് പ്രായം തെളിയിയ്ക്കുന്ന പേജ് സമർപ്പിക്കേണ്ടത്. പുതിയ കാർഡ് രീതിയിലുള്ള സർട്ടിഫിക്കറ്റ് ഉള്ളവർ അതിന്റെ കോപ്പി ആണ് സമർപ്പിക്കേണ്ടത്)
   - കുടുംബശ്രീ അംഗമാണെന്ന് തെളിയിയ്ക്കുന്ന രേഖ. (അയൽക്കൂട്ട പാസ് ബുക്കിന്റെ പേരും വിലാസവും രേഖപ്പെടുത്തിയ പേജ്. പ്രളയത്തിൽ അയൽക്കൂട്ട പാസ്ബുക്ക് നഷ്ടപ്പെട്ടവർക്ക് മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ അംഗത്വ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയാകും)
   - കുടുംബാംഗമാണെങ്കിൽ ആരാണോ കുടുംബത്തിൽ നിന്നും അംഗമായിട്ടുള്ളത് അവരുടെ അംഗത്വ രേഖ സമർപ്പിക്കണം.
   - പൂരിപ്പിച്ച അപേക്ഷക്കൊപ്പം വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ഫോട്ടോ അടങ്ങിയ അഡ്രസ്സ് പ്രൂഫ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടെ ഉള്ളടക്കം ചെയ്യേണ്ടതാണ്.
   - പ്രവൃത്തി പരിചയം തെളിയിയ്ക്കുന്ന രേഖകളുടെ കോപ്പികൾ

- റേഷൻ കാർഡിലെ കുടുംബ വിവരങ്ങൾ അടങ്ങുന്ന പേജ്
- **യാതൊരു കാരണവശാലും അസൽ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതില്ല.**

4. അപേക്ഷ സമർപ്പിക്കുന്ന കവറിനു മുകളിൽ ‘‘കുടുംബശ്രീ ബ്ലോക്ക് കോ–ഓർഡിനേറ്റർ (എം ഐ എസ്) എന്ന് വ്യക്തമായി രേഖപ്പെടുത്തണം.
5. **പരീക്ഷ സംബന്ധമായ അറിയിപ്പുകൾ ഏതെങ്കിലും കാരണവശാൽ അപേക്ഷകയ്ക്ക് ലഭിക്കാതെ വന്നാൽ ആയതിനു കുടുംബശ്രീ മിഷൻ ഉത്തരവാദിയാരിയ്ക്കുകയില്ല. പരീക്ഷ സംബന്ധമായ വിവരങ്ങൾ ജില്ലാ മിഷനുമായി ബന്ധപ്പെട്ട് മനസ്സിലാക്കേണ്ടത് ഉദ്യോഗാർത്ഥിയുടെ ഉത്തരവാദിത്തമാണ്.**
6. **അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് പരീക്ഷാ നടപടിക്രമങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം കുടുംബശ്രീയ്ക്ക് ഉണ്ടായിരിയ്ക്കും.**
7. **ഉദ്യോഗാർത്ഥി പരീക്ഷയ്ക്ക് അരമണിക്കൂർ മുൻപ് പരീക്ഷാ ഹാളിൽ പ്രവേശിച്ചിരിക്കണം.**

**നിയമന നടപടികൾ – സമയ ക്രമം**

| **ക്രമ നം** | **പ്രവർത്തനം** | **സമയ ക്രമം** |
|---|---|---|
| 1 | നോട്ടിഫിക്കേഷൻ പ്രസിദ്ധീകരണം | 27/11/2018 |
| 2 | അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 10/12/2018 |
| 3 | ഹാൾ ടിക്കറ്റ് അയക്കേണ്ടത് | ഡിസംബർ 15 നകം |
| 4 | എഴുത്തു പരീക്ഷ | 22/12/2018 |
| 5 | എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ ചുരുക്ക പട്ടിക പ്രസിദ്ധീകരിയ്ക്കുന്നത് | 24/12/2018 |
| 6 | ഫീൽഡ് വിസിറ്റിനുള്ള അറിയിപ്പ് കൊടുക്കേണ്ടത് | 26/12/2018 |
| 7 | ഉദ്യോഗാർത്ഥി ഫീൽഡ് വിസിറ്റ് നടത്തേണ്ടത് | 2018 ഡിസംബർ 30 നും 2019 ജനുവരി 5 നും ഇടയിൽ |
| 8 | കമ്പ്യൂട്ടർ പരീക്ഷയുടെ അറിയിപ്പ് കൊടുക്കേണ്ടത് | 26/12/2018 |
| 9 | കമ്പ്യൂട്ടർ പ്രായോഗിക പരീക്ഷ | ജനുവരി 15 നകം |
| 10 | ഇന്റർവ്യൂവിലേയ്ക്ക് അർഹത നേടിയവരുടെ ചുരുക്ക പട്ടിക പ്രസിദ്ധീകരിയ്ക്കുന്നത് | ജനുവരി 17 |
| 11 | ഇന്റർവ്യൂ അറിയിപ്പ് കൊടുക്കേണ്ടത് | ജനുവരി 17 |

| | | |
|---|---|---|
| 12 | ഇന്റർവ്യൂ നടത്തേണ്ടത് | ജനുവരി 24 നകം |
| 13 | അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടത് | ജനുവരി 27 |
| 14 | നിയമന ഉത്തരവ് അയക്കേണ്ടത് | ജനുവരി 27 |

***അപേക്ഷകൾ അയയ്ക്കേണ്ട മേൽവിലാസം***

ജില്ലാ മിഷൻ മേൽവിലാസം (ഫോൺ നമ്പർ സഹിതം)

ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ,
........................................................ ജില്ല,
.............................................മേൽ വിലാസം
പിൻകോഡ്................................................... ടെലിഫോൺ.........................

ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ,

കുടുംബശ്രീ

..................................ജില്ല

തീയതി : 22/11/2018
സ്ഥലം :

Passport size photo

# കുടുംബശ്രീ

## ബ്ലോക്ക് കോ ഓർഡിനേറ്റർ (എം ഐ എസ്)

## അപേക്ഷാ ഫോറം

| | | |
|---|---|---|
| **A)** | **വ്യക്തിപരമായവ** | |
| 1. | അപേക്ഷകയുടെ പേര് | |
| 2. | ജനനത്തീയതി | |
| 3. | ആധാർ നമ്പർ | |
| 4. | വിദ്യാഭ്യാസ യോഗ്യത | |
| 5. | മേൽവിലാസം | |
| 6. | ഫോൺ നമ്പർ | മൊബൈൽ : |
| | | ലാന്റ് നമ്പർ : |
| 7. | ഇമെയിൽ വിലാസം | |
| **B)** | **കുടുംബശ്രീ അംഗത്വം സംബന്ധിച്ച്** | |
| 7. | അപേക്ഷകയുടെ അംഗത്വം ഉൾക്കൊള്ളുന്ന സി ഡി എസ് | |
| 8. | അപേക്ഷകയുടെ അയൽക്കൂട്ടം ഉൾക്കൊള്ളുന്ന എ ഡി എസ് | |
| 9. | അപേക്ഷക / കുടുംബാംഗം അംഗമായ അയൽക്കൂട്ടത്തിന്റെ പേര് | |
| 10. | അയൽക്കൂട്ടത്തിന്റെ അഫിലിയേഷൻ നമ്പർ | |
| 11. | അയൽക്കൂട്ടത്തിൽ അംഗമായ മാസവും വർഷവും | |
| **C)** | **അപേക്ഷക കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗമല്ലെങ്കിൽ** | |
| 12. | അപേക്ഷകയും കുടുംബശ്രീ അംഗവും തമ്മിലുള്ള ബന്ധം | |

| | | |
|---|---|---|
| 12. | ഒരു വീട്ടിലാണോ താമസിയ്ക്കുന്നത് | അതെ /അല്ല |
| 13. | റേഷൻ കാർഡ് നം | |
| **D)** | **പ്രവർത്തി പരിചയം സംബന്ധിച്ച്** | |
| 14. | സമൂഹാധിഷ്ഠിത പദ്ധതികളിൽ പങ്കെടുത്തുള്ള പരിചയം (പരിചയം തെളിയിയ്ക്കുന്ന രേഖകളുടെ കോപ്പികൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം) | 1.......................<br>2........................<br>3........................ |
| 15. | വിജ്ഞാപനത്തിൽ പറഞ്ഞിരിയ്ക്കുന്ന പ്രകാരമുള്ള കമ്പ്യൂട്ടർ പ്രാവീണ്യം ഉണ്ടോ? | ഉണ്ട് / ഇല്ല |
| 16. | ഉണ്ട് എന്നാണത്തരമെങ്കിൽ ഏതെല്ലാം മേഖലകളിൽ എന്ന് വ്യക്തമാക്കുക | 1....................<br>2........................<br>3...................... |

**സത്യവാങ്മൂലം**

മുകളിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ എന്റെ അറിവിലും ബോധ്യത്തിലും പൂർണ്ണമായി ശരിയാണെന്ന് ഇതിനാൽ ബോധ്യപ്പെടുത്തുന്നു. ഇക്കാര്യങ്ങൾ ശരിയല്ലെന്ന് ബോധ്യപെട്ടാൽ അതുമായി ബന്ധപ്പെട്ട ഏതു നിയമനടപടിയ്ക്കും ഞാൻ വിധേയയായികൊള്ളാമെന്ന് ഇതിനാൽ പ്രസ്താവിയ്ക്കുന്നു.

തീയതി :

സ്ഥലം : അപേക്ഷകയുടെ പേരും ഒപ്പും

**അയൽക്കൂട്ട ഭാരവാഹികളുടെ സത്യവാങ്മൂലം**

കുടുംബശ്രീ...................... ജില്ലാ മിഷന്റെ കീഴിൽ ബ്ലോക്ക് കോ ഓഡിനേറ്റർ (എം ഐ എസ്) തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരിയ്ക്കുന്ന ശ്രീമതി/കുമാരി ...................................................,/ കുടുംബാംഗമായ ശ്രീമതി/കുമാരി...................................... കുടുംബശ്രീ .................................................. സി ഡി എസ് പരിധിയിലെ ............................... എഡിഎസിലെ...............................അയൽക്കൂട്ടത്തിൽ കഴിഞ്ഞ............മാസമായി/ വർഷമായി അംഗമാണെന്ന്/ ഇതിനാൽ ബോധ്യപ്പെടുത്തുന്നു.

സ്ഥലം : അയൽക്കൂട്ട പ്രസിഡന്റ്/സെക്രട്ടറിയുടെ പേരും ഒപ്പും

തീയതി :

**സി ഡി എസ് ഭാരവാഹികളുടെ സത്യവാങ്മൂലം**

മുകളിൽ പ്രസ്താവിച്ചിരിയ്ക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി

സി ഡി എസ് ചെയർപേഴ്സൻ/
മെമ്പർ സെക്രട്ടറിയുടെ:പേരും ഒപ്പും